(സി) 8-10-1982-ലെ ഉത്തരവ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 34.045 കോടി രൂപ യായിരുന്നു. 6-12-1989-ൽ ഇത് 88.28 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) 193.20 കോടി രൂപ.

(ഇ) ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള പണി

45 [2795] *ശ്രീ. ഇസ്ഹാക് കുരിക്കൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എലമ്പ്ര പ്രദേശത്ത് വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള പണി മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി തുടരുന്നതിനാവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് പണി പൂർത്തിയാക്കാനും വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകിയവർക്ക് കണക്ഷൻ നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

46 [2796] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിൽ ഉടുമ്പൻചോല മണ്ഡല ത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കാർഷിക, വ്യാവസായിക, ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(സി) ഇതിന്റെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര അപേക്ഷകർക്ക് വിവിധ രംഗങ്ങളിലായി കണക്ഷൻ നൽകാനുണ്ട്;

(ഇ) പ്രസ്തുത അപേക്ഷകളിൻമേൽ എന്ന് തീർപ്പ് കൽപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.പി.എസ്. വർക്കുകൾ (People's Participation Scheme)	32
എം.ജി. വർക്കുകൾ (Minimum Guarantee)	12
എൽ.ഇ.ഒ.വൈ.ഇ.സി. വർക്കുകൾ (Line Extension OYEC)	78
വി.ഐ./എസ്.ഐ. വർക്കുകൾ (Voltage Improvement/System Improvement)	17

(ബി) 10600 ഗാർഹിക കണക്ഷനുകളും 3600 കാർഷിക കണക്ഷനുകളും 680 വ്യാവസായിക കണക്ഷനുകളും നൽകിയിട്ടുണ്ട്.

(സി) 14880 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) 4126 അപേക്ഷകർക്ക് വിവിധ രംഗങ്ങളിലായി കണക്ഷൻ നൽകാനുണ്ട്.

(ഇ) അവശ്യസാമഗ്രികളുടെ ലഭ്യതയനുസരിച്ച് കഴിയുന്നതുംവേഗം കണക്ഷൻ നൽകിവരുന്നു.

നീലേശ്വരം സബ്ഡിവിഷന്റെ കീഴിലുള്ള കൺസ്യൂമേഴ്സ്

47 [2797] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുത വകുപ്പിന്റെ നീലേശ്വരം സബ്ഡിവിഷന്റെ കീഴിൽ മൊത്തം എത്ര കൺസ്യൂമേഴ്സാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സബ്ഡിവിഷൻ വിഭജിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 22278

(ബി) & (സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly